# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1605** 06.03.2017 ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണ ചട്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം.ആരിഫ് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണച്ചട്ടം ലംഘിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ളതും കെട്ടിട നമ്പർ ലഭിക്കാത്തതുമായ കെട്ടിടങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്; കോട്ടയം ജില്ലയിലെ കടത്തുരുത്തി, കാണക്കാരി, തലയോലപ്പറമ്പ്, മേലുകാവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ സർവ്വേ നടത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്താകമാനം അംഗീകൃത നിയമ വ്യവസ്ഥകൾ തെറ്റിച്ചും അംഗീകാരമില്ലാതെയും നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ എടുക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കണമെന്ന് 19.05.2014 ലെ 29342/ആർ.എ 1/2014/തസ്വഭവ നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ചട്ടം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് ചട്ടത്തിൽ ഇളവ് നൽകി നിയമസാധുത നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ഉണ്ട്, 2014 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം 31.03.2013 വരെ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) ചട്ടം ലംഘിച്ചുള്ള നിർമ്മാണത്തിന് നിയമസാധുത നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കാമോ; | (ഡി) അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവൽക്കരിക്കുന്നതിനും തുടർന്ന് ചട്ടങ്ങൾ കൊണ്ടു വരുന്ന കാര്യവും പരിഗണനയിലുണ്ട്. |
| (ഇ) അനധികൃത നിർമ്മാണങ്ങൾ തടയാൻ കർശന നടപടിയുണ്ടാകുമോ? | (ഇ) അനധികൃത നിർമ്മാണങ്ങൾ തടയാൻ കർശന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ